# പുതുകാര്യങ്ങൾ



## പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി സ്കൂൾ സൗന്ദര്യവൽക്കരിച്ച് വിദ്യാർത്ഥികൾ.

പുതുപ്പറമ്പ് ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂൾ ലിറ്റിൽ കൈറ്റ്സ്, ജി ആർ സി ,സ്കൗട്ട് യൂണിറ്റുകളും നാച്വറൽ ക്ലബ്ബും സംയുക്തമായി ജൂൺ 5 പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി സ്കൂൾ അങ്കണത്തിൽ ചെടികൾ നട്ട് സൗന്ദര്യവൽക്കരിച്ചു. പരിപാടിയുടെ ഉദ്ഘാടനം സ്കൂൾ ഹെഡ്മിസ്ട്രസ് കെ.ബി മിനി ടീച്ചർ നാലാം ക്ലാസ് വിദ്യാർത്ഥിനി സനയിൽ നിന്ന് ചെടിച്ചട്ടി സ്വീകരിച്ച് നിർവഹിച്ചു. ലിറ്റിൽ കൈറ്റ് അംഗങ്ങൾ ഡോക്യുമെന്റേഷനിൽ സജീവ പങ്കാളിത്തം വഹിച്ചു. അധ്യാപകരായ മുംതാസ് സി ,നീന വി.പി, ഹഫീല കെ, ചന്ദ്രൻ എൻ.സി , ഗായത്രി ജി , വിഷ്ണു പ്രസാദ് ,അഖിൽ കെ , ഇർഫാദ് കെ തുടങ്ങിയവർ സംബന്ധിച്ചു



സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ട് ഡിജിറ്റൽ പോസ്റ്റർ മേക്കിങ് മത്സരം സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിയുടെ ഡോക്യുമെന്റേഷനും കൈറ്റ് അംഗങ്ങൾ നിർവഹിച്ചു. കൂടാതെ പെരുന്നാൾ ആഘോഷത്തിന്റെ ഭാഗമായി നടന്ന മെഹന്തി ഫെസ്റ്റിന്റെ ഡോക്യുമെന്റേഷനിലും കൈറ്റ് അംഗങ്ങൾ സജീവ പങ്കാളിത്തം വഹിച്ചു. പരിപാടിയുടെ ഉൽഘാടനം ബഹുമാനപ്പെട്ട HM മിനി കെ ബി നിർവഹിച്ചു. അധ്യാപകരായ ചന്ദ്രൻ എൻ.സി ,ആരിഫ് എൻ, ഹഫില കെ എന്നിവർ പങ്കെടുത്തു



# ലഹരികറുപ്പിനെതിരെ പുതുപ്പറമ്പ്

ലോക ലഹരി വിരുദ്ധ ദിനത്തിൽ സ്കൂളിലെ ലിറ്റിൽ കൈറ്റ് , ജെ .ർ സി. ക്ലബുകൾ ,ഗാന്ധി ദർശൻ സമിതിയും, എക്സൈസ് വകുപ്പുമായി ചേർന്ന് പുതുപ്പറമ്പ് ഗവൺമെന്റ് ഹയർ സെക്കൻഡ റി സ്കൂളിൽ ജില്ലാതല ലഹരി വിരുദ്ധ ദിനോൽഘാടനം വിപുലമായ പരിപാടികളോടെ ആചരിച്ചു.




കൈറ്റ് - ജെ. ർ.സി അംഗങ്ങളുടെ നേത്രത്വത്തിൽ വിളംബര ജാഥ സംഘടിപ്പിച്ചു .മറ്റു വിദ്യാർത്ഥികളും പൊതുജനങ്ങളും പങ്കെടുത്തു. അധ്യാപകരായ എൻ .സി ചന്ദ്രൻ ,എം .മുംതാസ്, സജേഷ് ,അബ്ദുറഹ്മാൻ എ .കെ, കദീജ എൻ. കെ,നീന. V. P ഹഫീല കെ,എന്നിവർ നേതൃത്വം നൽകി. ഉദ്ഘാടന സമ്മേളനം പി ടി എ പ്രസിഡണ്ട് ശ്രീ ഇ കെ അലവിക്കുട്ടിയുടെ അധ്യക്ഷതയിൽ തിരൂർ സബ് കളക്ടർ ദിലീപ് . കെ കൈനിക്കര ഉദ്ഘാടനം ചെയ്തു. പി കെ നാരായണൻ ,k. K. ഷൌക്കത്തലി,സി. കെ അഷ്റഫ്,എന്നിവർ പ്രസംഗിച്ചു.



**കളക്ടറുമായി സെല്ഫി**

ലഹരി വിരുദ്ധ പ്രതിജ്ഞയ്ക്ക് കായിക അധ്യാപകൻ വിഷ്ണുപ്രസാദ് നേതൃത്വം നൽകി. ലഹരിക്കെതിരെ പ്ലകാർഡേന്തി വിദ്യാർത്ഥികളും അദ്ധ്യാപകരും കലക്ടറോടൊപ്പം സെൽഫിയെടുത്തു അധ്യാപകരായ ഹഫീല. കെ, ഗായത്രി ജി, അഖിൽ കെ എന്നിവരുടെ നേത്രത്വത്തിൽ ഫ്ലാഷ് മോബും നടന്നു. ലഹരി വിരുദ്ധ പ്രതിജ്ഞക്ക് ശേഷം ഷിനോജ് (എക്സൈസ് ഇൻസ്പെക്ടർ )ക്ലാസ് എടുത്തു.




അധ്യാപക നായ ഇർഫാദി ന്റെ നേതൃത്വ ത്തിൽ ക്വിസ് മത്സരവും നടന്നു. സമാപന സമ്മേളനം വേങ്ങര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബെൻസീറ മണ്ണിൽ ഉദ്ഘാടനം ചെയ്തു. പ്രസ്തുത പരിപാടിയിൽ ശ്രീ സുബ്രഹ്മണ്യൻ പുതുപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. ക്വിസ് മത്സരത്തിലെവിജയികൾ ക്കുള്ള സമ്മാനദാനം എടരിക്കോട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഫസലുദ്ദീൻ തയ്യിൽ നിർവഹിച്ചു. എ കെ അബ്ദുറഹ്മാൻ സ്വാഗതവും ഗാന്ധിദർശൻ കൺവീനർ രേഷ്മ നന്ദിയും പറഞ്ഞു.